മലയാള ഗദ്യസാഹിത്യത്തിനും നവോത്ഥാന സാഹിത്യത്തിനും ജീവനും ശക്തിയും പകർന്നത് എം.പി. പോളാണ്. സാഹിത്യത്തിന് നവോത്ഥാനമുണ്ടായി എന്നു പറഞ്ഞാൽ സാഹിത്യം ജനകീയമായി എന്നർത്ഥം. പുരോഗമന സാഹിത്യത്തിന്റെ അമരക്കാരനായി അദ്ദേഹം ശക്തി പ്രാപിച്ചു വന്നപ്പോൾ അന്നത്തെ പൗരോഹിതവർഗത്തിന് അതുൾക്കൊള്ളാനായില്ല. മതദർശനവും വിശ്വാസവും തള്ളിക്കളയുന്നുവെന്നു മാത്രമല്ല കമ്യൂണിസ്റ്റ് സഹയാത്രികനായി അദ്ദേഹത്തെ മതപുരോഹിതന്മാർ വിധിയെഴുതി. ആധുനിക സാഹിത്യം അസംബന്ധവും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് കുപ്രചാരണം നടത്തി.

എം.പി. പോളിന്റെ തെമ്മാടിക്കുഴിയിൽ പെടാതിരിക്കാം

ഏതൊരു ഭാഷയുടെയും നട്ടെല്ലാണ് സാഹിത്യം. മനുഷ്യമനസിന്റെ ആകുലതകളും സ്വപ്നങ്ങളും സാക്ഷ്യങ്ങളും പ്രകാശനങ്ങളും വികാരങ്ങളും ജൽപ്പനങ്ങളുമെല്ലാം സാക്ഷാത്കരിക്കപ്പെടുന്നത സാഹിത്യ സൃഷ്ടികളിലൂടെയാണ്. ആധുനിക സാഹിത്യ സൃഷ്ടികൾ മനുഷ്യരിൽ ശുഭാപ്തി വിശ്വാസം പകരുകമാത്രമാണ് ചെയ്തിട്ടുള്ളത്. അത് സൃഷ്ടിച്ചവർ വേദനകളും പ്രതിഷേധങ്ങളും ധാരാളം ഏറ്റുവാങ്ങിയിട്ടുള്ളവരാണ്. ഈ കാലപ്രവാഹത്തെ അതിജീവിച്ച അതുല്യപ്രതിഭയും മലയാള സാഹിത്യപ്രസ്ഥാനങ്ങൾക്ക് വഴിവിളക്കുമായിരുന്നു എം. പി. പോൾ. ആധുനിക സാഹിത്യ പ്രസ്ഥാനങ്ങൾക്കോ ഋതുഭേദങ്ങൾക്കോ ഊതിക്കെടുത്താനാവത്ത വിധം മലയാള ഭാഷയ്ക്ക് ലഭിച്ച വരദാനമായി ഇന്നും അദ്ദേഹം നമ്മിൽ ജീവിക്കുന്നു.

മലയാള ഗദ്യസാഹിത്യത്തിനും നവോത്ഥാന സാഹിത്യത്തിനും ജീവനും ശക്തിയും പകർന്നത് എം. പി. പോളാണ്. സാഹിത്യത്തിന് നവോത്ഥാനമുണ്ടായി എന്നു പറഞ്ഞാൽ സാഹിത്യം ജനകീയമായി എന്നർത്ഥം. പുരോഗമന സാഹിത്യത്തിന്റെ അമരക്കാരനായി അദ്ദേഹം ശക്തി പ്രാപിച്ചു വന്നപ്പോൾ അന്നത്തെ പൗരോഹിതവർഗത്തിന് അതുൾക്കൊള്ളാനായില്ല. മതദർശനവും വിശ്വാസവും തള്ളിക്കളയുന്നുവെന്നു മാത്രമല്ല കമ്യൂണിസ്റ്റ് സഹയാത്രികനായി അദ്ദേഹത്തെ മതപുരോഹിതന്മാർ വിധിയെഴുതി. ആധുനിക സാഹിത്യം അസംബന്ധവും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് കുപ്രചാരണം നടത്തി.

പുസ്തകം സമ്പന്നരുടെ സമ്പത്തും വിനോദോപാധിയുമല്ലെന്നും വിശക്കുന്നവന്റെ ഭക്ഷണവും വെളിച്ചവുമാണെന്നും വിളിച്ച

എം.പി. പോൾ. മലയാള പുസ്തക പ്രസാധനത്തിന് ഏതാണ്ടഅട് ഒന്നര നൂറ്റാണ്ടു കാലത്തെ ചരിത്ര മേയുള്ളു. 1772-ൽ പ്രസിദ്ധീകരിക്ക പ്പെട്ട് നസ്രാണികൾ തൊട്ട് 1850 വരെ 42 പുസ്തകങ്ങളാണ് വെളിച്ചം കണ്ടത്. അതിൽ എട്ടു സാഹിത്യകൃ തികളും 34 വിജ്ഞാനഗ്രന്ഥങ്ങളും ഉൾക്കൊള്ളുന്നു. ലോകമെങ്ങുമായി 12 ലക്ഷം പുസ്തകങ്ങൾ പ്രസിദ്ധീ കരിക്കപ്പെടുമ്പോൾ 1995 വരെ മല യാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടത് 48,555 പുസ്തകങ്ങളാണ്.

പ്രസിദ്ധീകരണ രംഗത്ത് എന്നും മുന്നിൽ നില്ക്കുന്ന രാജ്യമാണ് ബ്രിട്ടൻ. ജർമ്മനി, ഇറ്റലി, ജപ്പാൻ, അമേരിക്ക, സ്പെയിൻ മുതലായ രാജ്യങ്ങൾ തൊട്ടുപിന്നിലായുണ്ട്. എഴുപതിനായിരത്തിലധികം പുസ്ത കങ്ങൾ പ്രസിദ്ധീകരിക്കുന്ന ഇന്ത്യയും മുൻനിരയിലുണ്ട്.

മലയാള ഭാഷയിൽ പുസ്തകപ്ര സാധനരംഗത്ത് മുഖ്യ പങ്കു വഹി ക്കുന്ന ഏക സ്ഥാപനമാണ് സാഹി ത്യപ്രവർത്തക സഹകരണ സംഘം അല്ലെങ്കിൽ എസ്.പി.സി.എസ്. സാഹിത്യകാരന്മാർക്കുവേണ്ടി സാഹിത്യകാരന്മാർ നടത്തുന്ന ഇന്ത്യയിലെ ഏക പ്രസ്ഥാനമാണി ത്. 1945 - ഡിസംബർ15-ന് തകഴി യുടെ കഥകൾ എന്ന ചെറുകഥാ സമാഹാരത്തോടെ പ്രസാധനരംഗ ത്തുവന്ന എസ്പിസിഎസിന്റെ സ്ഥാപക പ്രസിഡന്റായിരുന്നു എം. പി.പോൾ. സാഹിത്യസഹകരണ പ്രസ്ഥാനത്തിന്റെ സുവർണകാലമാ യിരുന്നു അത്.

1952-ൽ എം.പി. പോൾ അന്തരിച്ച പ്പോൾ പാറ്റൂർ പള്ളിപ്പറമ്പിലെ തെമ്മാടിക്കുഴിയാണ് അദ്ദേഹത്തിന് സഭാനേതൃത്വം നിശ്ചയിച്ചത്. മല യാളസാഹിത്യത്തിലെ സിംഹ ഗർജ്ജനമായിരുന്ന എം.പി. പോള് എന്തിന് സഭയുടെ ആറടിമണ്ണി നായിപോയി എന്നൊരു ചോദ്യം അദ്ദേഹത്തെ സ്നേഹിക്കുന്ന, ആരാ ധിക്കുന്ന പലരുടെയും മനസിൽ ഒരു ചോദ്യമായി ഇന്നും അവശേഷിക്കു ന്നു.

വിദേശരാജ്യങ്ങളിൽ മലയാളം മുരടിക്കുന്നില്ലെന്ന് പലരും വീമ്പിള ക്കുന്നത് കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് എം.പി. പോൾ സാറിനെയാണ്. മലയാളസാഹിത്യ ത്തിന്റെ ചങ്കൂറ്റത്തെ അടക്കംചെ യ്യാൻ തെമ്മാടിക്കുഴി തുറന്നവർ വിദേശത്തേയ്ക്ക് കുടിയേറിയിട്ടി ല്ലെന്ന് ആശ്വസിക്കാം.

വിദേശത്ത് പൊൻതിളക്കവുമായി കഴിയുന്ന മലയാളികളിൽ പലർക്കും ഒരു കാര്യത്തിൽ വലിയ പിശുക്കാ ണ് - മലയാളം പറയുന്നതിൽ. അതുകൊണ്ടുതന്നെ മലയാളം മല യാലമായി മാറുന്നു. മാതൃഭാഷ സംസാരിക്കാനും വായിക്കാനും പലർക്കും മടിയാണ്. മലയാളം സംസാരിച്ചാൽ മാനംപോകുമോ എന്ന ഭയമാണ് ചിലർക്കെങ്കിലും. മലയാളസംസ്കാരത്തിൽ ജനിച്ചുവ ളർന്ന ഈ കൂട്ടർ സംസ്കാരശൂന്യ രാകുന്നുവെങ്കിൽ അതിനു കാരണം വായന അവരിൽ മരിക്കുന്നുവെന്ന തുതന്നെ. വായന മരിച്ചെങ്കിൽ ജീവി തത്തിലും മരിച്ചവനാണ്.

പാശ്ചാത്യരാജ്യങ്ങളുടെ വളർച്ചയ്ക്ക് പ്രധാനകാരണം അവ രുടെ നിരന്തരമായ വായനയാണ്. വായനമനുഷ്യരെ അറിവിലേയ്ക്കു നടത്തുന്നു. വിദേശരാജ്യങ്ങളിൽ കുടിയേറിയവർ മാതൃഭാഷയ്ക്ക് അർഹിക്കുന്ന പ്രാധാന്യം കൊടു ക്കുന്നില്ലെങ്കിൽ അവർ കൊളോ ണിയൽ അടിമത്വം അനുഭവിക്കു ന്നവരാണ്. വിദേശരാജ്യങ്ങളിൽ കുടിയേറിപ്പാർക്കുന്നവർ എത്ര സമ്പന്നർ ആയാലും അവരെ അറിയപ്പെടുന്നത് ഇന്ത്യൻ എന്നുതന്നെയാണ്. അന്യരാ ജ്യക്കാർ ആ മഹത്വം നമ്മിൽ കാണുമ്പോൾ സ്വന്തം ഭാഷ പറയാൻ മടിക്കുന്നവർക്ക് എന്തു മഹത്വമാണുള്ളത്. തമി ഴ്, പഞ്ചാബി, ഗുജറാത്തി, ബംഗാളി എന്നിവ മാതൃഭാഷയായ വർക്കൊക്കെ വിദേശങ്ങളിൽ അതേ ഭാഷയിൽ സംസാരിക്കുന്നതിന് യാതൊരു മടിയുമില്ല.

നമ്മെ നാമാക്കിയ മാതൃഭാഷയോ ടുള്ള സമീപനം തിരുത്തേണ്ടിയിരി ക്കുന്നു. നമ്മുടെ കുട്ടികൾ ഇംഗ്ലീഷും ഫ്രഞ്ചും, ജർമ്മനും, അറ ബിയും, സ്പാനിഷുമൊക്കെ പഠിക്കു മ്പോൾ മാതൃഭാഷയായ മലയാ ളത്തെ സ്വന്തം ഭവനത്തിൽനിന്നു തന്നെ പുറത്താക്കുന്നത് നമ്മുടെ അറിവില്ലായ്മായായേ കാണാനാവൂ. മറ്റ് ഭാഷകളോടു കാണിക്കുന്ന കട പ്പാട് മലയാളത്തോട് കാണിക്കാൻ മലയാളി ബാധ്യസ്ഥനാണ്.

മലയാളഭാഷയും സാഹിത്യവും സംസ്കാരപൈതൃകവുമൊക്കെ ഉയർത്തിപ്പിടിക്കുവാൻ ഒരു പറ്റം മല യാളികൾ ശ്രമിക്കുന്നുവെന്നത് ഏറെ പ്രശംസനീയമാണ്. മലയാള ത്തനിമയുള്ള ആഘോഷവേളകളിൽ കേരളീയവേഷം അണിയാൻ പലരും തയാറാകുന്നു.

മലയാളമെന്ന് എവിടെയുമുള്ള മലയാളിക്ക് ഒരു വികാരമായി മാറ ണം. നമുക്കൊപ്പം നമ്മുടെ ഭാഷയും സഞ്ചരിക്കണം, വളരണം. മലയാളി കളുടെ സഹകരണമില്ലെങ്കിൽ മല യാളത്തെ പരിരക്ഷിക്കുവാനോ പരിപോഷിപ്പിക്കുവാനോ കഴിയി ല്ല. നമ്മുടെ സ്വന്തം ഭാഷയെ വിസ്മൃതിയിലേയ്ക്ക് തള്ളിവിടു ന്നത് വലിയൊരു ദുരന്തമായിരി ക്കും. മനുഷ്യജീവിതത്തിന്റെ മഹ ത്തായ പ്രകാശനങ്ങളിലേയ്ക്ക് സർഗാത്മക വ്യാപാരം നടത്തിയ എം.പി. പോളിനെ തെമ്മാടിക്കുഴിയി ലടക്കിയവരുടെ പിൻതലമുറക്കാ രായ നാം മലയാള ഭാഷയെ തെമ്മാ ടിക്കുഴിയിൽ അടക്കം ചെയ്യരുത്. അതിനായി കരുതലോടെ തുറന്ന മനസോടെ കാത്തിരിക്കാം.

കാരൂർ സോമൻ
113 Oakfield Road,
London - E6 1LN
e-mail: karursoman@yahoo.co.uk